# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1985 — 16.02.2016-ലെ മറുപടിക്ക്

### ജയിലുകളിലുള്ള കുട്ടികളുടെ പരിപാലനം

| ചോദ്യം<br>ശ്രീ.കെ.എൻ.എ.ഖാദർ | മറുപടി<br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|
| എ) ജയിലുകളിൽ അമ്മമാർക്കൊപ്പം കഴിയുന്ന കുട്ടികളുടെ വിദ്യാഭ്യാസം, മാനസിക, ശാരീരിക വളർച്ച, ബുദ്ധി വികാസം എന്നിവ ഉറപ്പാക്കുന്നതിന് എന്തെല്ലാം ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ;<br><br>ബി) ഇത്തരം കുട്ടികളുടെ സംരക്ഷണത്തിനായും പരിപാലനത്തിനായും പ്രത്യേകിച്ച് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് രീതിയിലാണ് ഇവരുടെ പരിപാലനം ഉറപ്പുവരുത്തുന്നതെന്ന് അറിയിക്കുമോ; | എ)യും, ബി)യും ജയിലിൽ പ്രവേശിക്കപ്പെടുന്ന സ്ത്രീകളുടെ 6 വയസ്സു വരെ പ്രായമുള്ള കുട്ടികളെ ജയിലിൽ കഴിയാൻ ജയിൽ നിയമം അനുവദിക്കുന്നുണ്ട്. അതിനുശേഷം അമ്മമാരുടെ സമ്മതത്തോടെ കുടുംബാംഗങ്ങളെയോ, സന്നദ്ധ സംഘടനകളെയോ,ഏൽപ്പിക്കുകയും ചെയ്യുന്നു. തിരുവനന്തപുരം, വിയ്യൂർ വനിത ജയിലുകളിൽ ക്രഷ് പ്രവർത്തിച്ചു വരുന്നുണ്ട്. കണ്ണൂർ വനിത ജയിലിൽ ക്രഷിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കും. സ്ത്രീ തടവുകാരോടൊപ്പമുള്ള കുട്ടികൾക്ക് മെഡിക്കൽ ഓഫീസർമാരുടെ നിർദ്ദേശമനുസരിച്ച് പോഷകാഹാരവും, വാക്സിനേഷനും മറ്റും നൽകുന്നുണ്ട്. കുട്ടികൾക്കാവശ്യമായ വസ്ത്രങ്ങളും, കളിപ്പാട്ടങ്ങളും ജയിലിൽ നൽകി വരുന്നുണ്ട്. കൂടാതെ കൈക്കുഞ്ഞുങ്ങൾക്ക് തൊട്ടിലും, കൊതുകുവലയും നൽകുന്നുണ്ട്. |
| സി) സാമൂഹിക നീതി വകുപ്പ് അംഗനവാടികൾ വഴി ലഭ്യമാക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഇത്തരം കുട്ടികൾക്ക് ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത് ഉറപ്പുവരുത്തുമോയെന്ന് അറിയിക്കുമോ; | സി) നൽകിവരുന്നുണ്ട്. |
| ഡി) കുട്ടികളെ പാർപ്പിക്കാൻ സൗകര്യമില്ലാത്ത ജയിലുകളിൽ ഇത്തരം തടവുകാരെ പാർപ്പിക്കുന്നുണ്ടോ; എങ്കിൽ ഇത്തരം തടവുകാരെ സൗകര്യമുള്ള ഇടത്തേയ്ക്ക് മാറ്റുന്ന കാര്യം പരിഗണിക്കുമോ? | ഡി) കോടതികൾ ശിക്ഷ വിധിക്കുകയോ, റിമാന്റ് ചെയ്യുകയോ ചെയ്യുന്ന വനിതാ തടവുകാർക്ക് 6 വയസ്സുവരെ പ്രായമുള്ള കുട്ടികളുണ്ടെങ്കിൽ അങ്ങനെയുള്ളവരെ ഉടൻതന്നെ വനിതാ ജയിലുകളിലേയ്ക്ക് മാറ്റി പാർപ്പിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ